LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ പൊതുകടം

159(3313) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുകടത്തിന്റെ സംസ്ഥാനത്തിലെ ആളോഹരി എത്ര രൂപയായിരുന്നു;

(ബി) 2015 മാർച്ച് 31-ൽ സംസ്ഥാനത്തിന്റെ ആളോഹരി കടം എത്ര രൂപയാണ്;

(സി) 2016 മാർച്ച് 31 ആകുമ്പോൾ കണക്കാക്കപ്പെട്ട ജനസംഖ്യ അനുസരിച്ച് സംസ്ഥാനത്തിന്റെ ആളോഹരി കടം എത്ര രൂപയായി വർദ്ധിക്കും?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2011 വരെ പൊതുകടത്തിന്റെ സംസ്ഥാനത്തിന്റെ ആളോഹരി തുക 23554.86 രൂപയായിരുന്നു.

(ബി) 2015 മാർച്ച് 31-ൽ സംസ്ഥാനത്തിന്റെ ആളോഹരി കടം അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകളുടെ അടിസ്ഥാനത്തിൽ 39673.93 രൂപയാണ്.

(സി)2016 മാർച്ച് 31 വരെയുള്ള ആളോഹരി കടം അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്കേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

160 (3314) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽ നിന്നും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടി എത്ര തുകയാണ് ഓരോ വകുപ്പിലും അനുവദിച്ചിരിക്കുന്നത്;

(ബി) അതിൽ ഓരോന്നിലും സംസ്ഥാന സർക്കാരിന്റെ പങ്ക് എത്രയാണ്;

(സി) അതിനുവേണ്ടി ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കി വച്ചിട്ടുള്ളത്;

(ഡി) വകുപ്പ് തിരിച്ച് കേന്ദ്രത്തിന്റെ വിഹിതം ,സംസ്ഥാനത്തിന്റെ വിഹിതം എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) -ഡി) 2015-16-ലെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വകയിരുത്തൽ ബഡ്ജറ്റ് വിഹിതം (കേന്ദ്ര/സംസ്ഥാന വിഹിതം ഉൾപ്പെടെ) സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയ തുക

161 (3315) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15, 2013-14, 2012-13, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും നൂറു ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ലഭ്യമായ തുക മൊത്തം എത്ര കോടി ആയിരുന്നു; അതിൽ ഓരോ വർഷവും യഥാർത്ഥത്തിൽ ചെലവഴിച്ച മൊത്തം തുക എത്ര വീതമായിരുന്നു;

(ബി) മേല്പറഞ്ഞ കാലയളവിൽ മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തപ്പെട്ട തുകകളുടെയും ഓരോ വർഷം ചെലവഴിച്ച തുകകളുടെയും മൊത്ത കണക്കുകൾ വിശദമാക്കാമോ;

(സി) മേല്പറഞ്ഞ കാലയളവിൽ ഓരോ വർഷവും വകയിരുത്തപ്പെട്ട പൂർണ്ണ കേന്ദ്രാവിഷ്കൃത/മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഓരോ വർഷവും ചെലവഴിക്കാൻ കഴിയാതിരുന്ന തുകകൾ എത്രയായിരുന്നു?

ഉത്തരം

(എ) 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും നൂറു ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുക ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

വർഷം	വകയിരുത്തിയത്	ചെലവഴിച്ചത്
2011-12	758.04	750.00
2012-13	1054.22	838.12
2013-14	1220.14	877.70
2014-15	1340.57	795.46

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly